LIBRARY ARCHIVES Kerala Legislative Assembly

ലക്ഷം വീടുകൾ പുതുക്കുന്ന നടപടി

*16 [271] ശ്രീ. ഡി. സുഗതൻ:

,, എം. കെ. പോൾസൺ മാസ്റ്റർ:

,, തേറമ്പിൽ രാമകൃഷ്ണൻ:

,, ടി. യു. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള ലക്ഷംവീട് കോളനികളുടെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കാമോ;

(ബി) കാലപ്പഴക്കംകൊണ്ട് നാശം സംഭവിച്ച ലക്ഷംവീടുകൾ പുതുക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള):

(എ) സംസ്ഥാനത്തുള്ള ലക്ഷംവീട് കോളനികളുടെ ഇപ്പോഴത്തെ അവസ്ഥ മെച്ചപ്പെട്ടതല്ല.

(ബി) ലക്ഷംവീടുകൾ പുനരുദ്ധരിക്കുന്നതിനോ അറ്റകുറ്റപ്പണി ചെയ്യുന്നതിനോ പ്രോജക്ടുകൾ ഏറ്റെടുക്കുവാൻ ഗ്രാമപ്പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും അനുവാദം നൽകിയിട്ടുണ്ട്. അതു പ്രകാരം പുനരുദ്ധാരണ പ്രവൃത്തികൾക്കും അറ്റകുറ്റപ്പണിക്കും പൊതു വിഭാഗം ഗുണഭോക്താക്കൾക്ക് 5000 രൂപവരെയും പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങൾക്ക് 10,000 രൂപ വരെയും പരമാവധി സബ്സിഡി നൽകാവുന്നതാണ്. വീടുകളുടെ മേൽക്കൂര ബലപ്പെടുത്തൽ ഉൾപ്പെടെയുള്ള ഗുണമേന്മാ പ്രവൃത്തികൾക്ക് പൊതുവിഭാഗക്കാർക്കും പട്ടികജാതിക്കാർക്കും 7,500 രൂപയും പട്ടിക വർഗ്ഗക്കാർക്ക് 9,000 രൂപവരെയും സബ്സിഡി നൽകാവുന്നതാണ്.

നിലവിലുള്ള വീടുകൾ അറ്റകുറ്റപ്പണി ചെയ്യാൻ കഴിയില്ലെങ്കിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ മുൻഗണനാലിസ്റ്റ് പ്രകാരം കുടുംബത്തിന് അർഹതയുണ്ടെങ്കിൽ പുതിയ വീട് നൽകാവുന്നതാണ്.

ഗൾഫ് മലയാളികളുടെ പ്രശ്നങ്ങൾ

*17 [272] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗൾഫ് മലയാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി സംസ്ഥാന ഗവൺമെന്റ് എന്തെല്ലാം കാര്യങ്ങളെ സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിന് നിവേദനം നൽകിയിട്ടുണ്ട്;

(ബി) ഇതിന് കേന്ദ്ര ഗവൺമെന്റിൽ നിന്നും മറുപടി ലഭിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?